# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3434 22.08.2017 ൽ മറുപടിയ്ക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ

**ചോദ്യം**

ശ്രീ.പി.ഉണ്ണി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി വനിതാ സെല്ലും, 24 മണിക്കൂറും പ്രവർത്തിച്ചു വരുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തിര സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ, Woman Self Defence Training Programme എന്നിവ നടപ്പിലാക്കി വരുന്നു. പരിശീലന പരിപാടിയിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥിനികൾ, വീട്ടമ്മമാർ, പലവിധ ഓഫീസിൽ നിന്നുള്ള സ്ത്രീകൾ, കുടുംബശ്രീ യൂണിറ്റ് മെമ്പർമാർ എന്നിവർക്ക് പരിശീലനം നൽകിവരുന്നു. കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ, കോളേജ് എന്നീ തലങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നടത്തിവരുകയും ചെയ്യുന്നുണ്ട്.

റെയിൽവേസ്റ്റേഷനുകളിലും, പരിസരങ്ങളിലും എല്ലാ ട്രെയിനുകളിലും, സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ ബീറ്റ് ഡ്യൂട്ടിക്കും, പട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും, ട്രെയിനുകളിലെ വനിതാ കോച്ചുകളിൽ പ്രത്യേകം വനിതാ പോലീസുകാരെ ഡ്യൂട്ടിക്കായി

നിയോഗിച്ചും, വനിതാ കോച്ചുകൾക്ക് സമീപമുള്ള മറ്റു കോച്ചുകളിൽ പ്രത്യേക ഡ്യൂട്ടിക്കാരെ നിയോഗിച്ചും, റെയിൽവേ സ്റ്റേഷനുകളിൽ ട്രെയിനുകൾ എത്തിച്ചേരുമ്പോൾ കമ്പാർട്ട്മെന്റിന്റെ സമീപമെത്തി നിരീക്ഷിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുജനങ്ങളിൽ നിന്നും 1515 എന്ന ടോൾ ഫ്രീ നമ്പർ വഴി കൺട്രോൾ റൂമിൽ പരാതി സ്വീകരിച്ച് പട്രോളിംഗ് വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള ടാബ് വഴി വിവരം നൽകി സംഭവസ്ഥലത്ത് പട്രോളിംഗ് വാഹനം എത്തി പൊതുജനങ്ങൾക്ക്; പ്രത്യേകിച്ച് സ്ത്രീകൾക്ക്, ആവശ്യമായ സഹായം നൽകിയും, കൂടാതെ പട്രോളിംഗിനിടയിൽ സ്കൂളിൽ കയറാതെയും മറ്റും അലക്ഷ്യമായി നടക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിവരം അറിയിച്ചും, വഴിയിൽ അശരണരായി കിടക്കുന്ന സ്ത്രീകളെയും മറ്റും ആശുപത്രിയിൽ എത്തിച്ച് ആതുരസേവനം ലഭ്യമാക്കിയും ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) സ്ത്രീകളെയും കുട്ടികളെയും ആക്രമിക്കുകയും പീഡിപ്പിക്കുകയും ചെയ്തു എന്ന പരാതിയിന്മേൽ 1/6/2016 മുതൽ 31/7/2017 വരെയുള്ള കാലയളവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ?

(ബി) 01/06/2016 മുതൽ 31/07/2017 വരെയുള്ള കാലയളവിൽ സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളും പീഡനങ്ങളുമായി ബന്ധപ്പെട്ട് 17031 കേസുകളും, കുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങളും പീഡനങ്ങളുമായി ബന്ധപ്പെട്ട് 3818 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.